6015/ഡി/2020/കെഎസ്എച്ച്ഒ 24.02.2021

## പരിപത്രം

വിഷയം:- കുടുംബശ്രീ - ജോബ് പോർട്ടൽ ആരംഭിക്കുന്നത് - സംബന്ധിച്ച്

സൂചന:- 19.02.2021 ൽ നടന്ന മന്ത്രിതല യോഗമിനിട്സ്

സംസ്ഥാനത്ത് തൊഴിൽ ആവശ്യമുള്ളവരുടെയും തൊഴിൽ കണ്ടെത്താൻ നൈപുണ്യ പരിശീലനം ആവശ്യമുള്ളവരുടെയും രജിസ്ട്രേഷനുള്ള ജോബ് പോർട്ടൽ കുടുംബശ്രീ മിഷൻ തയ്യാറാക്കിയിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിലെ വനിതകൾ, കുടുംബാംഗങ്ങൾ എന്നിവരെ നിലവിലുള്ള പദ്ധതികളിലൂടെയോ ഇതര വകുപ്പുകളുമായി സംയോജിച്ചോ സ്വയംതൊഴിൽ, വേതനാഷ്ഠിത തൊഴിൽ എന്നിവ ലഭ്യമക്കുന്നതിനായാണ് ടി ജോബ് പോർട്ടൽ ആരംഭിക്കുന്നത്. ഇത്തരത്തിൽ തൊഴിൽ ആവശ്യമുള്ളവർ, സംരംഭങ്ങൾ ആരംഭിക്കാൻ/നൈപുണ്യ പരിശീലനം നേടാൻ താൽപര്യമുള്ളവർ എന്നിവർക്ക് ടി വെബ് സൈറ്റിലൂടെ പേരും മറ്റു വിവരങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്. കുടുംബശ്രീ അംഗമല്ലാത്തവർക്കും പ്രസ്തുത ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതും തങ്ങൾക്കാവശ്യമുള്ള പരിശീലനം/തൊഴിൽ എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ഇത്തരം അപേക്ഷകൾ ഉചിതമായ വകുപ്പുകൾക്ക് കൈമാറുന്നതിനും പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന ആളുകളുടെ വിവരങ്ങൾ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പരിശോധിക്കുകയും നൈപുണ്യപരിശീലനം, സ്വയംതൊഴിൽ, വേതനാധിഷ്ഠിത തൊഴിൽ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

ജില്ലാതലത്തിൽ പ്രസ്തുത പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലാമിഷൻ കോർഡിനേറ്റർമാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കേണ്ടതാണ്.

1. ജില്ലാതലത്തിൽ ഒരു ക്യാമ്പെയിൻ നടത്തി പരമാവധി ആളുകളിലേയ്ക്ക് ജോബ് പോർട്ടൽസംബന്ധിച്ച വിവരങ്ങൾ എത്തിക്കേണ്ടതും പോർട്ടലിന്റെ രജിസ്ട്രേഷൻ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. സിഡിഎസ്സുകൾക്ക് പ്രസ്തുത പദ്ധതി സംബന്ധിച്ച് അവബോധം നൽകുന്നതിനും ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതിനും മുന്നോടിയായി ജില്ലാതലത്തിൽ അടിയന്തിരമായി ഒരു യോഗം വിളിച്ച് ചേർക്കേണ്ടതാണ്. ആയതിൽ പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

3. ഇതിലേയ്ക്കായി ബി.സി, ഡിപിഎം എന്നിവർക്ക് പ്രത്യേക ചുമതല നൽകി പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തേണ്ടതാണ്.

4. തൊഴിൽ/നൈപുണ്യ പരിശീലനം നേടാൻ താല്പര്യമുള്ളവർ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം/പ്രചരണം എന്നിവ ജില്ലാമിഷൻ നിർവ്വഹിക്കേണ്ടതാണ്.

5. പ്രചരണ പരിപാടിയുടെ ഭാഗമായി അയൽക്കൂട്ട തലത്തിൽ 26.02.2021 മുതൽ ഒരു ക്യാമ്പെയിൻ നടത്തി, താല്പര്യമുള്ളവരെ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.

6. സിഡിഎസ് തലത്തിൽ രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ പരിശോധിച്ച് അഭിരുചിയും താല്പര്യവും അടിസ്ഥാനപ്പെടുത്തി തുടർ പരിശീലനങ്ങളോ തൊഴിലോ ഉറപ്പു വരുത്തേണ്ടതാണ്.

7. രജിസ്റ്റർ ചെയ്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതര വകുപ്പുകളിലെ തൊഴിൽ സാധ്യതകൾക്കനുസൃതമായി അനുയോജ്യമായവരുടെ പട്ടിക ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

8. സൂക്ഷ്മസംരംഭം ആരംഭിക്കാൻ താല്പര്യമുള്ളവർ, കാർഷിക മേഖലയിൽ തൊഴിൽ നേടാൻ താല്പര്യമുള്ളവർ, ഡിഡിയുജികെവൈ പദ്ധതി മുഖേന പരിശീലനം നേടാൻ താല്പര്യമുള്ളവർ, മറ്റു വേതനാധിഷ്ഠിത തൊഴിൽ നേടാൻ താല്പര്യമുള്ളവർ എന്നിങ്ങനെ തരംതിരിച്ച് ജില്ലാമിഷൻ അതത് പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം/തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. സിഡിഎസ് തലത്തിൽ ഡാറ്റാ ബേസ് വിശകലനം ചെയ്ത് പ്രതിവാര റിപ്പോർട്ട് ജില്ലാമിഷന് സമർപ്പിക്കുന്നതിനുള്ള ചുമതല സിഡിഎസ് അക്കൗ

ണ്ടന്റുമാർക്കായിരിക്കും. ഇത് ബന്ധപ്പെട്ട ബ്ലോക്ക് കോർഡിനേറ്റർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

10. പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക് കുടുംബശ്രീ വെബ് സൈറ്റിൽ *mis.kudumbashree.org/job_portal* ലിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ